"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.കൃഷ്ണകുമാർ.വി-യ്ക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.154/2023/LSGD തീയതി,തിരുവനന്തപുരം. 16-08-2023

---

പരാമർശം:-

1. ശ്രീ.കൃഷ്ണകുമാർ വി. സമർപ്പിച്ച 11.11.2019, 01.08.2022 തീയതികളിലെ അപേക്ഷകൾ.
2. പഞ്ചായത്ത് ഡയറക്ടറുടെ 30.04.2020, 24.05.2021, 27.09.2022 എന്നീ തിയതികളിലെ PAN/3038/2020- E14(DP) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.കൃഷ്ണകുമാർ.വി-യ്ക്ക് Ankylosing spondylitis മൂലമുള്ള 42% ശാരീരികാവശതകളാൽ നിലവിലെ ഡ്രൈവർ തസ്തികയിലെ ജോലി കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയാത്തതിനാൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണന നൽകിയും Persons with Disabilities Act 2016 - ന്റെ ആനുകൂല്യം നൽകിയും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കണമെന്ന ടിയാന്റെ അപേക്ഷയും അനുബന്ധരേഖകളും പരാമർശം (2) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി . ടിയാന് നിലവിലുള്ള ജോലി ചെയ്യുന്നതിനു തടസ്സമായ ആരോഗ്യപ്രശ്നങ്ങൾ ഉള്ളതായി സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രവും അപേക്ഷകൻ പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിച്ചു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.കൃഷ്ണകുമാർ.വി- യ്ക്ക് Ankylosing spondylitis മൂലമുള്ള 42% ശാരീരികാവശതകളാൽ നിലവിലെ ഡ്രൈവർ തസ്തികയിലെ ജോലി കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയാത്തതിനാൽ, സേവനത്തിലിരിക്കെ ഭിന്നശേഷിത്വം സംഭവിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ നിഷ്കർഷിച്ചിരിക്കുന്ന The Rights of Persons with Disabilities Act 2016, സെക്ഷൻ 20(4) -ലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലെ ശമ്പള സ്കെയിൽ സംരക്ഷിച്ച് നൽകി ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷകന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉചിതമായ സ്ഥലത്ത് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ശ്രീ.കൃഷ്ണകുമാർ വി., ഡ്രൈവർ ഗ്രേഡ് II , കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്),കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (09.08.2023 ലെ ഇനം നം.1715)

ധനകാര്യ വകുപ്പ് (10.01.2022, 01.02.2023 തിയതികളിലെ DEV-5/222/2021-FIN (E 1897107)

സാമൂഹ്യ നീതി വകുപ്പ് (26.04.2023 തീയതികളിലെ ബി1/61/2023/സാനീവ )

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (27.12.2022 ലെ ADV-ബി2/185/2022-ഉഭപവ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/58/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 16-08-2023 16:43:59
സെക്ഷൻ ഓഫീസർ